# ചേകനൂരിസത്തിലെ ഹജ്ജ്..?

അബ്ദുല്‍ മാലിക് മൊറയൂര്‍

പരിശുദ്ധ ഇസ്‌ലാമിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃത്യമായി അനുഷ്ഠിക്കാന്‍ മടിയുള്ള ചിലയാളുകള്‍ക്ക് അടിഞ്ഞു കൂടാന്‍ പിശാച് ഒരുക്കിക്കൊടുത്ത കൂടാരമാണ് ചേകനൂരിസമെന്ന് വേണ്ടത്ര തെളിവുകള്‍ സഹിതം നമ്മള്‍ ഗ്രഹിച്ചു കഴിഞ്ഞു. നമസ്കാരത്തേയും നോമ്പിനെയും ചേകനൂരീ മതക്കാര്‍ ഇല്ലാതാക്കിയതും നാം കണ്ടു. ഇനി പരിശുദ്ധ ഹജ്ജ് കര്‍മ്മത്തെയും ഈ പിശാചിന്റെ കൂട്ടാളികള്‍ കുഴച്ച് മറിച്ച് ഇല്ലാതാക്കുന്നതാണ് നാം കാണാന്‍ പൊവുന്നത്. മുസ്‌ലിം നാമം പേറി ഇസ്‌ലാമിനെ തുരങ്കം വെക്കാന്‍ നോമ്പ് നോറ്റ് നടക്കുന്ന ഇവന്‍മാരുടെ തനി നിറം ഒന്നുകൂടി വ്യക്തമാവുന്നതാണ് അവര്‍ പരിശുദ്ധ ഹജ്ജ് കര്‍മത്തെ കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന പൈശാചികതകള്‍.

ക്വുര്‍ആന്‍ കൊണ്ടുമാത്രം ഹജ്ജ് കര്‍മ്മം പരിപൂര്‍ണമായി വിവരിക്കാനോ മനസ്സിലാക്കാനോ സാധ്യമല്ലെന്ന് ഇസ്‌ലാമിന്റെ ബാലപാഠമറിയുന്ന ആര്‍ക്കും അറിയാവുന്നതാണ്. സാക്ഷാല്‍ ചേകനൂരിനും അത് നന്നായിട്ടറിയാമായിരുന്നു. പക്ഷെ അത് സമ്മതിച്ചാല്‍ പിന്നെ തന്റെ പുതിയ മതം തകരുമെന്നതിനാലും തങ്ങള്‍ പേറി നടക്കുന്ന കുഫ്റിന്റെ കീറമാറാപ്പ് തോട്ടിലെറിയേണ്ടി വരും എന്നതിനാലും തന്റെ മണം പിടിച്ചു നടക്കുന്ന എട്ടും പൊട്ടും തിരിയാത്ത ചേകനൂരികളെ തൃപ്തിപ്പെടുത്താന്‍ ഹജ്ജിനെ കുറിച്ച് ഒരു വാറോല എഴുതി പ്രസിദ്ധീകരിച്ചു. 'ക്വുര്‍ആനില്‍ ഹജ്ജിനുള്ള സ്ഥാനവും രൂപവും' എന്നതാണ് അതിന്റെ പേര്. അതില്‍ ക്വുര്‍ആനിലുള്ള ഹജ്ജിന്റെ രുപമല്ല മറിച്ച് തന്റെ തലമണ്ടയിലുദിച്ച ഒരു പൊറാട്ട് നാടകമാണ് വിവരിച്ചിട്ടുള്ളത് എന്നതാണ് ശരി. ആ ക്ഷുദ്രകൃതിയെ ഒന്നു പൊളിച്ചെഴുതാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഒപ്പം ചേകനൂരി മതക്കാര്‍ക്ക് പിശാച് പിറിപ്പിച്ചുകൊടുത്ത 'ഹജ്ജി'ന്റെ കോലമൊന്ന് വായനക്കാര്‍ക്ക് കാണുകയും ചെയ്യാമല്ലോ.

അല്ലാഹുവിന്റെ മതമായ ഇസ്‌ലാമില്‍ അനുഷ്ഠാനകര്‍മ്മങ്ങള്‍ അഞ്ചെണ്ണമാണെന്നറിയാത്ത ഒറ്റ മുസ്‌ലിമും ഉണ്ടാവില്ല. പക്ഷെ, ചേകനൂരിമതത്തില്‍ ഇസ്‌ലാം കാര്യങ്ങള്‍ പത്തെണ്ണമുണ്ട്! അതില്‍ പത്താമത്തേതാണ് പോലും ഹജ്ജ് കര്‍മ്മം! *(പേ:13)* ഏതൊരു മുസ്‌ലിമും തന്റെ ജീവിതത്തില്‍ വന്നുപോയ പാപങ്ങളെ കഴുകിക്കളയണമെന്ന ലക്ഷ്യത്തോടെയാണ് ഹജ്ജ് കര്‍മം നിര്‍വഹിക്കാറുള്ളത്. അതേസമയം ചേകനൂരി മതത്തിലെ ഹജ്ജ് കൊണ്ട് പാപങ്ങള്‍ പൊറുക്കപ്പെടുകയോ, സ്വര്‍ഗ്ഗം ലഭിക്കുകയോ ഇല്ലത്രേ! അയാളുടെ വെടികാണുക:

*''ഹജ്ജ് ചെയ്തവര്‍ക്ക് സ്വര്‍ഗ്ഗമുണ്ടെന്നോ മോക്ഷമുണ്ടെന്നോ വിജയമുണ്ടെന്നോ ബര്‍ക്കത്തുണ്ടെന്നോ റഹ്മത്തുണ്ടെന്നോ ക്വുര്‍ആന്‍ സൂചിപ്പിക്കുക പോലും ചെയ്തിട്ടില്ല. അതുണ്ടെന്ന് ക്വുര്‍ആന്‍ പഠിച്ചവരാരും പറയുകയുമില്ല.''* (പേ: 16)

ശരിയാണ്, ക്വുര്‍ആന്‍ പഠിച്ചവരാരും തന്നെ ചേകന്നൂരി മതത്തിലെ 'ഹജ്ജ്' ചെയ്താല്‍ മോക്ഷമുണ്ടെന്ന് ഒരിക്കലും പറയില്ല. തീര്‍ച്ച. ഇനി ഇതൊന്നുമില്ലെങ്കില്‍ പിന്നെ എന്തിനാണ് ഹജ്ജ് എന്ന് നിങ്ങള്‍ക്ക് സംശയമുണ്ടായേക്കാം. അതിന് ചേകനൂര്‍ തന്നെ വിശദീകരണം തന്നിട്ടുണ്ട്. അത് നോക്കൂ.

*‘‘ഹജ്ജ് എന്ന ഒരു ആരാധനയുണ്ടാക്കിയത് അതൊരു മഹാ പുണ്യകർമ്മമായതു കൊണ്ടൊന്നുമല്ലെന്നും മറിച്ച് വമ്പിച്ചൊരു വ്യാപാര മേള നടത്താനും അത്‌വഴി അവിടെ സംബന്ധിക്കുന്ന എല്ലാവർക്കും എന്തെങ്കിലും സാമ്പത്തിക നേട്ടങ്ങളുണ്ടാക്കാനും കൂടിയാണെന്നതുമാണ് ക്വുർആൻ വ്യക്തതമായും പഠിപ്പിക്കുന്നത്.’’ (പേ: 20)*

വീണ്ടും പറയുന്നു,

*‘‘അതായത് നല്ലൊരു കച്ചവട മേളയാണ് ഹജ്ജ് സീസനിൽ നടക്കുന്നതെന്ന് സാരം’’ (പേ: 17)*

കണ്ടല്ലോ! ചേകനൂരീ മതത്തിലെ ഹജ്ജിന്റെ ലക്ഷ്യം സ്വർഗം നേടലൊന്നുമല്ല. മറിച്ച്, വ്യാപാരമേള നടത്തലാണ്! അല്ലാഹുവിൽ അഭയം! ഈ വർഗ്ഗം ഇസ്‌ലാമിൽ നിന്ന് എത്ര ദൂരെയാണെന്നതിന് ഇതിൽപരം തെളിവുകൾ ഇനിയെന്തിന്?

ഹജ്ജ് കേവലമൊരു വ്യാപാര മേളയായതുകൊണ്ടു തന്നെ അതിനെ നിഷേധിക്കലും പാപമല്ല എന്നതാണ് പിശാചിന്റെ അടുത്ത മന്ത്രം; അതിന് തെളിവോ? ക്വുർആനിലെ 3:97 ഉം! ഹജ്ജിനെ നിഷേധിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്ന ഈ ആയത്തിനെയാണ് ഇയാൾ തല തിരിച്ച് ഹജ്ജിനെ നിഷേധിക്കൽ പാപമല്ലെന്ന് ക്വുർആൻ പറയുന്നു എന്ന പൈശാചികതക്ക് തെളിവാക്കിയിരിക്കുന്നത്. ചേകനൂരികളുടെ ചർമ്മസൗഭാഗ്യം അപാരംതന്നെ! യഥാർത്ഥത്തിൽ ആര് അവിശ്വസിച്ചാലും അതിന്റെ ദോഷഫലം അവർ തന്നെ അനുഭവിക്കുമെന്നല്ലാതെ അല്ലാഹുവിനത് കൊണ്ട് ഒരു ദോഷവും ബാധിക്കാനില്ലെന്നും, ലോകരിൽ ആരുടെയും ആശ്രയം വേണ്ടാത്ത ധന്യനാണവൻ എന്നും ലോകരെല്ലാം അവിശ്വാസികളായിരുന്നാലും, ഒരു വ്യക്തിപോലും കഅ്ബയുടെ അടുക്കൽ ചെന്ന് ഹജ്ജ് കർമ്മം നിർവ്വഹിക്കാതായാലും അല്ലാഹുവിന് അതുകൊണ്ട് യാതൊരു കോട്ടവും ബാധിക്കാനില്ല എന്നുമൊക്കെയാണ് 3:97ൽ ഉള്ളത്. പ്രസ്തുത ആയത്തിനെയാണ് ചേകനൂർ ഹജ്ജിനെ നിഷേധിച്ചാലും കുഴപ്പമില്ല എന്നാക്കിമാറ്റിയത്! ക്വുർആൻ നിഷേധിയായ ചേകനൂരിന്റെ തനിനിറം ഇതിലൂടെ വായനക്കാർക്ക് ശരിക്കും ബോധ്യമായിട്ടുണ്ടാവും. പക്ഷെ ചേകനൂരിന്റെ അനുയായികൾക്ക് ഇത് തിരിയാൻ സമയമെടുക്കും. കാരണം അവരുടെ തലമണ്ടകൾ പിശാചിന്റെ പണിപ്പുരകളാണല്ലോ. ചേകനൂരീ മതത്തിൽ ഒരാൾക്ക് ഹജ്ജ് നിർബന്ധമാവാൻ ചില നിബന്ധനകളൊക്കെയുണ്ട്. അയാൾ തന്നെ പറയട്ടെ:

*‘‘അപ്പോൾ നാട്ടിലെ ദാരിദ്ര്യത്തിനും അടിസ്ഥാനാവശ്യങ്ങൾക്കും പരിഹാരം കണ്ട ശേഷമല്ലാതെ ഏതൊരു ധനാഢ്യനും ഹജ്ജ് നിർബന്ധമാവുകയില്ല. അതായത് പണച്ചെലവുള്ള ഹജ്ജ് യാത്രക്ക് സമ്പന്ന രാഷ്ടങ്ങളിലുള്ള ധനികന്മാരല്ലാതെ മറ്റാരും തയ്യാറാവണമെന്ന നിയമം ക്വുർആനിലില്ലെന്ന് ചുരുക്കം.’’ (പേ: 39)*

അപ്പോൾ സമ്പന്നരാഷ്ട്രങ്ങളിലെ സമ്പന്നർക്കുമാത്രമാണ് ഹജ്ജ്! അങ്ങനെയാവുമ്പോൾ ഒറ്റ ഇന്ത്യക്കാരനും അക്കൂട്ടത്തിൽ പെടുകയില്ല. കാരണം. ഇന്ത്യ സമ്പന്ന രാഷ്ട്രമല്ല എന്നതിനു പുറമെ കോടികൾ ലോകബാങ്കിൽ കടവുമുണ്ട്. പക്ഷെ രസകരമായ മറ്റൊരു സംഗതി ഇന്ത്യക്കാർക്ക് ഹജ്ജില്ല എന്ന് വിശ്വസിക്കുന്ന ചേകനൂരീ മതക്കാരുടെ മാസികയിൽ തന്നെ ഒരു പരസ്യം കണാനിടയായി. ‘ഹജ്ജിന് പോകാനുദ്ദേശിക്കുന്നവർക്ക് സുവർണ്ണാവസരം’ എന്നതാണ് പത്ര തലക്കെട്ടുതന്നെ! എങ്ങനെയുണ്ട്? വൈരുധ്യമേ നിന്റെ പേരോ...

ഇഹ്റാമിലാണല്ലോ ഹജ്ജ് കർമം മുസ്‌ലിംകൾ നിർവ്വഹിക്കാറുള്ളത്. അതിന്റെ രൂപമൊക്കെ മുസ്‌ലിംകൾക്ക് മുഹമ്മദ് നബി(ﷺ) പഠിപ്പിച്ചുകൊടുത്തിട്ടുമുണ്ട്. പക്ഷെ ചേകനൂരീ മത

ക്കാർക്ക് ചെകുത്താൻ പഠിപ്പിച്ചുകൊടുത്ത ഇഹ്റാം മുസ്‌ലിംകളുടെ ഇഹ്റാമല്ല. ചേകനൂരിന്റെ വിടുവായത്തം നോക്കൂ.

*''ഇഹ്റാം ചെയ്യുമ്പോൾ ക്വുർആൻ കൽപിച്ചതനുസരിച്ച് അലങ്കാരമുള്ള വസ്ത്രങ്ങൾ–പാന്റും ഷർട്ടുമൊക്കെ ധരിക്കണം'' (പേ: 124)*

അപ്രകാരം തന്നെ അവരുടെ മീഖാത്തിന്റെ കോലവും ഒന്നുകാണുക.

*''അപ്പോൾ മീഖാത്തിൽ വച്ച് ഇഹ്റാം കെട്ടുക എന്നൊക്കെ പറയുന്നത് ജാഹിലിയ്യാ കാലത്തെ ഒരു പ്രയോഗം മാത്രമാണ്. ക്വുർആനിന്റെ ദൃഷ്ടിയിൽ അങ്ങിനെ നിർണ്ണയിക്കപ്പെട്ട ഒറ്റ മീഖാത്തുമില്ല. ഒരു ഇഹ്റാം കെട്ടലുമില്ല.'' (പേ: 90)*

കണ്ടല്ലോ! ഇതാണിവരുടെ ഇഹ്റാമിന്റെയും മീഖാത്തിന്റെയും കോലം. ഇനി ചേകനൂരീ മതത്തിൽ അറവിനെ അവർ അറുകൊല നടത്തിയിരിക്കയാണ്. അതുകാണുക.

*''ഭക്ഷ്യ ദൗർലഭ്യം തീർക്കാൻ വേണ്ടി മൃഗങ്ങളെ അറുത്ത് ഭക്ഷിക്കാമെന്നല്ലാതെ മറ്റു ഭക്ഷ്യവിഭവങ്ങൾ സുഭിക്ഷമായി കിട്ടുന്ന സാഹചര്യത്തിലും അവ വേണ്ടത്ര ഉൽപാദിപ്പിക്കപ്പെടുന്ന മേഖലകളിലുമൊക്കെ മിണ്ടാപ്രാണികളും നിരുപദ്രവികളും മനുഷ്യനോട് സ്നേഹവുമുള്ള സാധു മൃഗങ്ങളെ പിടിച്ചുകെട്ടി തള്ളിയിട്ട് അറുകൊല നടത്തി തിന്നണമെന്ന നിർബന്ധമൊന്നും ഇസ്‌ലാമിലില്ല.'' (പേ: 62)*

അപ്പോൾ ചേകനൂരീ മതത്തിലെ 'ഹജ്ജി'ൽ അറവുമില്ല. ഹജ്റുൽ അസ്‌വദിനെ ചുംബിച്ചു കൊണ്ടാണല്ലോ മുസ്‌ലിംകൾ ത്വവാഫ് നടത്താറുള്ളത്. ചുബിക്കാൻ കഴിയാത്തവർ കൈകൊണ്ട് ആഗ്യം കാണിക്കുകയെങ്കിലും ചെയ്യുന്നു. അതേസമയം ചേകനൂരീ മതത്തിൽ ഹജറുൽ അസ്‌വദിനെ തൊട്ടുപോവരുത്! അത് ശിർക്കൻ കല്ലാണ് പോലും! *(പേ: 66)* മാത്രമല്ല, യഥാർത്ഥ ഹജറുൽ അസ്‌വദ് ഇപ്പോൾ നിലവിലില്ല എന്നും അയാൾ തട്ടിവിടുന്നു. *(പേ: 69)*

ത്വവാഫ് കഴിഞ്ഞാൽ മുസ്‌ലിംകൾ  സഫാ മർവ്വകൾക്കിടയിൽ സഅ്‌യ് നടത്താറുണ്ട്. അതാവട്ടെ, ഇസ്‌ലാമിലെ ഹജ്ജിലെ ഒരു പ്രധാന ഭാഗമാണുതാനും. പക്ഷെ ചേകനൂരീ മതത്തിലെ ഹജ്ജിൽ സ്വഫാ മർവ്വക്കിടയിലെ സഅ്‌യ് തന്നെയില്ല! *(പേ: 70,71)* എങ്ങനെയുണ്ട് ചേകനൂരീ മതത്തിലെ ഹജ്ജ് ! തീർന്നില്ല. ഏറെ പുണ്യമേറിയ സംസം വെള്ളത്തിനും ചേകനൂരീ മതത്തിൽ യാതൊരു പ്രത്യേകതയുമില്ല. മാത്രവുമല്ല, സംസം വെള്ളത്തിൽ 99 ശതമാനവും മായമാണെന്നും ഈ പൈശാചിക ഗവേഷകൻ കണ്ടെത്തിയിരിക്കുന്നു.!! *(പേ: 77)* താഴാത്ത ജലനിരപ്പ് സംസം കിണറിന്റെ ഒരൽഭുതമാണല്ലോ. പക്ഷെ പിശാചിന്റെ കൂട്ടാളികൾ അതിനെ കുറിച്ച് പറയുന്നത് നോക്കൂ.

*''മക്കക്ക് പുറത്തുള്ള ചില സംഭരണികളിൽ നിന്ന് ഭൂഗർഭത്തിലൂടെ പൈപ്പുകൾ വലിച്ച് സംസം കിണറിന്റെ അടിഭാഗത്ത് കണക്ഷൻ കൊടുത്തിരിക്കുകയാണ്. ഒരു വിതാനത്തിൽ നിന്ന് വെള്ളം പൊങ്ങാനോ താഴാനോ ഇട വരാത്ത വിധം കിണറിൽ നിന്ന് വെള്ളം പമ്പു ചെയ്യുന്നതിനനുസരിച്ച് സപ്ലൈ തുടരാനുമുള്ള സംവിധാനങ്ങളും വെളിയിൽ ഏർപ്പാട് ചെയ്തിട്ടുണ്ട്.'' (പേ: 78)*

ഹായ്! ഉഗ്രൻ ഗവേഷണം തന്നെ! ലോകത്ത് ഇന്നുവരെ ഒരാളും വെളിപ്പെടുത്തിയിട്ടില്ലാത്ത ''വമ്പൻ കണ്ടുപിടുത്തം'' തന്നെയാണ് ചേകനൂർ നടത്തിയത്! ഇസ്‌ലാമിനെ കരിവാരിതേക്കാൻ ഇയാൾ എത്രമാത്രം തരം താഴും എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണിത്.

സംസം കിണറിന്റെയും വെള്ളത്തിന്റെയും അത്ഭുതങ്ങൾ ശത്രുക്കൾ വരെ അംഗീകരിച്ചിരിക്കെ ഈ പൈശാചികതയുടെ തേരാളികൾക്കത് അംഗീകരിക്കാനാവാത്തത് തങ്ങളുടെ ഹൃദയാന്തരങ്ങളിലെ കുഫ്റിന്റെ ആഴം മൂലമാണെന്നതിൽ സംശയമില്ല.

ഇസ്‌ലാമിലെ ത്വവാഫെന്നാൽ അത് ഏഴ് തവണ കഅ്ബയെ പ്രദക്ഷിണം നടത്തലാണല്ലോ. അതേസമയം ചേകനൂരിസത്തിലെ ത്വവാഫ് ഏഴ് തവണയല്ല. ഒറ്റ തവണ മാത്രമേയുള്ളൂ! നോക്കുക.

*''ഒരു ത്വവാഫ് പൂർത്തിയാക്കണമെങ്കിൽ ഏഴുതവണ പ്രദക്ഷിണം ചെയ്യണമെന്നും അതിലൊന്നെങ്കിലും ഒഴിവായാൽ ത്വവാഫ് ശരിയാവുകയില്ലെന്നുമാണ് പുരോഹിതന്മാരുടെ മതം. ഈ വാദത്തെ നാം ശക്തിയായെതിർക്കുന്നു. കാരണം, കഅ്ബ ത്വവാഫ് ചെയ്യണമെന്ന് ഖുർആൻ കൽപിച്ചതല്ലാതെ ഒരേ സമയം ഏഴാവർത്തി ചെയ്തെങ്കിലേ ത്വവാഫാവുകയുള്ളൂവെന്ന ഒരു സൂചന പോലും ഖുർആനിലില്ല.'' (പേ: 92,93)*

കഅ്ബ ത്വവാഫ് ചെയ്യുക എന്ന് പറയുന്നത് തന്നെ ഏഴ് പ്രാവശ്യം ചുറ്റുന്നതിനാണെന്ന് ഈ മന്ദ ബുദ്ധികൾക്കറിയില്ലെങ്കിൽ ഇസ്‌ലാം എന്ത് പിഴച്ചു.?

ഇനി, മിനായിലെ കല്ലേറിനെ കുറിച്ച് ഈ വിവരദോഷി പറഞ്ഞത് കാണുക.

*''മിനായിലെ കല്ലേറ് ഖുർആനിലോ നബിചര്യയിലോ ഇല്ല. അത് ജാഹിലിയ്യാ കാലത്തെ അനാചാരം മാത്രമാണ്'' (പേ: 73)*

അല്ലാഹുവിൽ അഭയം! ഇസ്‌ലാമിനോടുള്ള ശത്രുത ഇയാളെക്കൊണ്ട് എന്തൊക്കെ പറയിപ്പിക്കുന്നു എന്നതിന്റെ തെളിവാണിത്. അവസാനമായി, മുസ്‌ലിംകൾ ഏറെ പുണ്യം കൽപിക്കുകയും ആദരിക്കുകയും ചെയ്യുന്ന മസ്ജിദുൽ ഹറാമിനേയും ഇയാൾ കടിച്ചു കീറാൻ ശ്രമിക്കുന്നുണ്ട്. മസ്ജിദുൽ ഹറാമിലെ നമസ്കാരത്തിന് പുണ്യം കൂടുതലില്ല, അവിടെ നമസ്കാരം വർധിപ്പിക്കുന്നത് തനി അനാചാരം *(പേ: 79,81)* എന്നൊക്കെയാണ് ഇയാളുടെ വാദങ്ങൾ.

നമസ്കാരം, പള്ളി, എന്നൊക്കെ കേൾക്കുമ്പോഴേക്ക് തന്നെ മൂത്രശങ്ക വരുന്ന ചേകനൂരികൾ ഇതിലപ്പുറം എഴുതും എന്നതിൽ മുസ്‌ലിംകൾക്ക് തെല്ലും ശങ്കയില്ല.

ചുരുക്കത്തിൽ ചേകനൂരീ മതക്കാരുടെ ''ഹജ്ജി''(?!)ൽ ഇഹ്റാമില്ല, മീഖാത്തില്ല, ഇഹ്റാമിൽ പ്രത്യേക നിർദ്ദേശങ്ങളില്ല, സുഗന്ധദ്രവ്യവും മുടിയെടുക്കലും ആവാം, ഹജറുൽ അസ്‌വദില്ല. ത്വവാഫ് ഒരു ചുറ്റൽ മാത്രം, ത്വവാഫിലെ 'റംല്'ഇല്ല. സ്വഫാമർവ്വക്കിടയിലെ നടത്തമില്ല, ദുൽഹിജ്ജ എട്ടിന് മിനായിൽ പോവലില്ല. രാപ്പാർക്കലുകളില്ല. കല്ലേറില്ല. അറവില്ല. അയ്യാമുതശ്‌രീഖ് എന്നതും ഇല്ല. പിന്നെ ആകെയുള്ളത് പിശാച് പഠിപ്പിച്ച ചില തോന്നിവാസങ്ങൾ മാത്രം. അതിനാൽ ചേകനൂരീ മതക്കാരോട് മുസ്‌ലിംകളായ നമുക്ക് പറയാനുള്ളത്, ഞങ്ങളുടെ നേതാവ് മുഹമ്മദ് നബി(ﷺ) പഠിപ്പിച്ച ഹജ്ജ് ചെയ്യാൻ മനസ്സുണ്ടെങ്കിൽ മാത്രം നിങ്ങൾ മക്കയിലേക്ക് വിമാനം കയറിയാൽ മതി. അതല്ല, പിശാചിന്റെ 'ഹജ്ജ്' ചെയ്യാനാണെങ്കിൽ വല്ല ശബരിമലയിലേക്കോ ഗുരുവായൂരിലേക്കോ വത്തിക്കാനിലേക്കോ വണ്ടികയറാവുന്നതാണ്. അതിനും സാധിക്കുന്നില്ല എങ്കിൽ ഖാദിയാനികൾ അവർക്ക് ഹജ്ജിനായി ഖാദിയാനിൽ ഒരു കേന്ദ്രം തുറന്നതു പോലെ ചേകനൂരി മതക്കാർക്ക് 'ഹജ്ജി'നായി വണ്ടൂരിലോ മറ്റോ ഒരു കേന്ദ്രവും തുടങ്ങാവുന്നതാണ്. നിങ്ങളെ പോലെയുള്ള കുഫ്റിന്റെ മേലാളന്മാർ കയറി അശുദ്ധമാക്കാനുള്ളതല്ല ഹറംശരീഫ്.